SEPTEMBER 2020
Vol. 7 Issue : 9



# Bulletin

## Irinjalakuda Diocese



"എന്റെ കർത്താവേ എന്റെ ദൈവമേ"
(യോഹന്നാൻ 20:28)

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"
(മത്തായി 25 : 40)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
### COLLEGE OF ENGINEERING AND TECHNOLOGY
PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

**COURSES OFFERED:**

**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

S-tech
IDET
INNOVATION IS INVENTION

## SAHṚDAYA-*tech*
Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

**COURSES OFFERED:**

Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

www.sahrdayacas.ac.in
Apply Online

EVER TO EXCEL

## SAHṚDAYA
### COLLEGE OF ADVANCED STUDIES
P. B. NO. 18, KODAKARA, THRISSUR, 680684.
scasadmission@gmail.com; info@sahrdayacas.ac.in

ADMISSION ENQUIRY
9400063194
9400063195
4802713713
9497233713
8301089784

**UG & PG COURSES OFFERED**

B.Com Professional, B.Com Finance, B.Com Taxation, B.Com Banking, B.Com Computer Application, BBA Finance, B.A English, B.A Malayalam, B.Sc Physics, B.Sc Chemistry, B.Sc Mathematics, B.Sc Psychology, B.Sc Geology, B.Sc Computer Science, BCA, M.Sc Psychology, M.Sc Clinical Psychology, M.Sc Computer Science, M.Com Finance, M.A English.

**VALUE ADDED PROFESSIONAL PROGRAMMES**

CA, ACCA(UK), CPA(USA), CMA(USA), FINTECH(USA), CMA(INDIA), CS, AVIATION MANAGEMENT(IATA), CAT.

LEARN LEAD SERVE

## SAHṚDAYA
### INSTITUTE OF MANAGEMENT STUDIES
PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

**MBA @ SIMS COURSES OFFERED:**

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

# Irinjalakuda Diocesan Bulletin

Vol.: 07 Issue: 09 | SEPTEMBER 2020


MY LORD, MY GOD


***Address:***
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

***Phone:***
0480 2826820, 2826830

***Website & E-mail:***
www.irinjalakudadiocese.com
ijkbph@gmail.com



***Subscription:***
Monthly : ₹ 20.00
Annual : ₹ 200.00


## ഉള്ളടക്കം


| | | |
|---|---|---|
| 01 | ഇടയശബ്ദം | 04 |
| 02 | സിനഡ് അനന്തര സർക്കുലർ | 10 |
| 03 | സർക്കുലർ - എട്ടുനോമ്പാചരണം | 15 |
| 04 | കച്ചേരി കാര്യങ്ങൾ | 16 |
| 05 | 43-ാം രൂപതാദിനം 2020 | 18 |
| 06 | ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ | 19 |
| 07 | അനുസ്മരണദിനങ്ങൾ | 20 |
| 08 | ബ്ലസ് എ ഹോം | 21 |
| 09 | ബൈബിൾ അപ്പസ്തോലേറ്റ് | 21 |
| 10 | കെ.സി.വൈ.എം. | 23 |
| 11 | അവാർഡ് | 24 |
| 12 | ബൈബിൾ അപ്പസ്തോലേറ്റ് | 24 |
| 13 | ഹൃദയ പാലിയേറ്റീവ് കെയർ | 25 |
| 14 | സിൽച്ചാർ മിഷൻ | 28 |
| 15 | ഇടയന്റെ ഇന്നലെകൾ | 29 |



# ഇടയശബ്ദം

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, അത്മായ സഹോദരരേ,

*ഞാൻ കർത്താവിന്റെ പ്രവൃത്തികൾ ഓർമിക്കും; പണ്ട് അങ്ങു ചെയ്ത അത്ഭുതങ്ങൾ ഞാൻ അനുസ്മരിക്കും. ഞാൻ അങ്ങയുടെ സകല പ്രവൃത്തികളെയും പറ്റി ധ്യാനിക്കും; അങ്ങയുടെ അത്ഭുതകരമായ പ്രവൃത്തികളെപ്പറ്റി ചിന്തിക്കും.*

*സങ്കീ. 77:11-12*

അപൂർവങ്ങളിൽ അപൂർവമായ ഒരു പരിതോവസ്ഥയിൽ നിന്നുകൊണ്ടാണ് നാം ഇത്തവണ രൂപതാദിനം ആചരിക്കാൻ ഒരുങ്ങുന്നത്. കോവിഡ്19 എല്ലാ സങ്കൽപങ്ങളെയും സ്വപ്നങ്ങളെയും തല്ലിതകർത്ത് അനുദിനം മുന്നേറിക്കൊണ്ടിരിക്കുകയാണെന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാകൂ. കൊറോണ പ്രതിരോധ മരുന്നുകൾ സാധാരണക്കാർക്ക് വേഗത്തിൽ ലഭ്യമാകുന്ന സ്ഥിതി സംജാതമാകുവാൻ ചിലപ്പോൾ നാം ഇനിയും ഏറെ കാത്തിരിക്കേണ്ടതായി വരുമെന്നത് തീർച്ചയാണ്. ലാളിത്യത്തിന്റെ പ്രാപഞ്ചിക പാഠങ്ങളിലേക്കും പ്രകൃതിസൗഹൃദ പ്രവർത്തനങ്ങളിലേക്കും മലിനതയേറാത്ത വികസന പദ്ധതികളിലേക്കും നാം തിരിച്ചുനടക്കണമെന്നു തന്നെയാണ് പുതിയ കാലം നമ്മെ ഓർമ്മപ്പെടുത്തുന്നത്. പ്രകൃതിയുടെ ഉടയോൻ ആകാനല്ല ഭൂമിയുടെ കാര്യസ്ഥന്മാരാകാനാണ് ദൈവം നമ്മെ നിയോഗിച്ചതെന്ന തിരിച്ചറിവിന്റെ ശാദ്വല ഭൂമികയിലേക്ക് നമുക്ക് കടന്നുചെല്ലാം. പ്രകൃതിയെന്ന ഗുരുപാദങ്ങളിൽ അവലംബം തെരയണമെന്ന ബോധോദയത്തിലേക്കു നമുക്കു ഉണരാം. ദൈവത്തെയും പ്രകൃതിയെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന സുവർണ്ണനൂൽ നമുക്കു കണ്ടെത്താം.

തൃശൂർ ജില്ലയുടെ മധ്യഭാഗത്തു നൂറ്റാണ്ടുകളുടെ ചരിത്രവും സംസ്കാരവും വീണലിഞ്ഞ മണ്ണിൽ ഇരിങ്ങാലക്കുട രൂപതയെന്ന വിത്ത് പേരു സൂചിപ്പിക്കുംപോലെ വിരിഞ്ഞ്, വളർന്ന്, പടർന്നു പന്തലിച്ചതിന്റെ സ്മൃതികൾ ദീപ്തമായി തെളിഞ്ഞുയരുന്നുണ്ട്. മതമൈത്രിയുടെയും വിശ്വസാഹോദര്യത്തിന്റെയും വിജ്ഞാന വരപ്രസാദത്തിന്റെയും ശീലുകൾകേട്ട് തഴമ്പിച്ച നാട്ടിൽ 1978 സെപ്റ്റംബർ 10ന്

പിറവികൊണ്ട കുഞ്ഞ് ദൈവാനുഗ്രഹ സമൃദ്ധിയുടെ 42 വർഷങ്ങൾ പിന്നിടുകയാണെന്നത് മഹത്തരമായ കാര്യം തന്നെയാണ്. ഉന്നതങ്ങളിലേക്ക് മിഴികൾ ഉയർത്തി ദൈവത്തിനു സ്തോത്രഗീതമാലപിക്കാനും അപരനിലേക്ക് മിഴികൾ നീട്ടി അവരുടെ കാവലാളാകാനും ഉള്ളടരുകളിലേക്ക് നയനങ്ങൾ പായിച്ച്, കുറവുകളെ കണ്ടെത്തി പരിഹരിക്കാനും പരിശ്രമിക്കേണ്ട ദിനമാണ് നമ്മുടെ മുൻപിൽ ഉള്ളത്. ഭാരത ക്രൈസ്തവ വിശ്വാസത്തിന്റെ ഈറ്റില്ലമായ കൊടുങ്ങല്ലൂർ ഉൾപ്പെടുന്ന ഇരിങ്ങാലക്കുട രൂപത സീറോ മലബാർ സഭയുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരിടം കണ്ടെത്തിയിട്ടുണ്ട്. രൂപത സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലിയിലേക്ക് ഇനി വിരലിൽ എണ്ണാവുന്ന സോപാനങ്ങളേയുള്ളൂ എന്ന അവബോധം നമ്മുടെ തീക്ഷ്ണതയെ കുറേക്കൂടെ ഉജ്ജ്വലമാക്കട്ടെ.

പ്രേഷിതാഭിമുഖ്യങ്ങളായിരുന്നു എന്നും ഇരിങ്ങാലക്കുട രൂപതയുടെ മുതൽക്കൂട്ട്. 1978ൽ രൂപത സ്ഥാപിതമായി അധികം വൈകാതെ തന്നെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിന്റെ മുഴുവൻ ഹൃദയസ്പന്ദനങ്ങളും ഏറ്റുവാങ്ങിയ ചെന്നൈ നഗരത്തിൽ സീറോ മലബാർ സഭയുടെ സാന്നിധ്യം ഉറപ്പിക്കാൻ രൂപതയ്ക്ക് കഴിഞ്ഞിരുന്നു. ചിതറിക്കിടക്കുന്ന സീറോ മലബാർ സഭാ മക്കളെ ഒരുമിച്ചുകൂട്ടി ആരാധനാക്രമാധിഷ്ഠിതവും പാരമ്പര്യാധിഷ്ഠിതവുമായ ഒരു നവസമൂഹത്തെ വാർത്തെടുക്കാൻ ആയതിൽ നമുക്കു അഭിമാനിക്കാം. കഠിനമായ പരിശ്രമത്തിന്റെയും വിശ്രമമില്ലാത്ത അധ്വാനത്തിന്റെയും സുമനസുകളുടെ നിർലോഭമായ സഹകരണത്തിന്റെയും ഫലമായി ചെന്നൈ മിഷൻ വളർന്നു. ഒരുപാട് നാളത്തെ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലമായി 2017 നവംബർ 22ന് ഹൊസൂർ രൂപത തികച്ചും സ്വതന്ത്രമായ സംവിധാനങ്ങളോടെ സ്ഥാപിക്കപ്പെട്ടപ്പോൾ നമുക്ക് ആനന്ദിക്കുവാൻ ഏറെയുണ്ടായിരുന്നു. പുതിയ കാഴ്ചപ്പാടുകളുമായി ചെന്നൈ വിശ്വാസി സമൂഹം മുന്നേറുന്നതിൽ നമ്മുടെ രൂപതയുടെ ഗണ്യമായ പങ്കുണ്ടെന്നത് ചാരിതാർത്ഥ്യജനകം തന്നെയാണ്.

ദൈവത്തോടൊപ്പം തന്നെ അപരനിലേക്കും മിഴികൾ തുറക്കാത്ത ക്രൈസ്തവ വിശ്വാസജീവിതം സുവിശേഷത്തിനു ഒരിക്കലും ചേർന്നതല്ല. പാവപ്പെട്ടവന്റെ കണ്ണീരൊപ്പാനും വിളുമ്പുകളിലേക്ക് ഒതുക്കപ്പെട്ടവരുടെ ശബ്ദമാകാനും അശരണരും ആലംബഹീനരുമായവരുടെ വേദനകളിൽ പങ്കുകൊള്ളാനും കഴിയുന്ന നവ ആധ്യാത്മികതയാണ് ഇക്കാലഘട്ടത്തിനു ആവശ്യമായിട്ടുള്ളത്. കഴിഞ്ഞ 10 വർഷം കൊണ്ട് 'ബ്ലസ് എ ഹോം' എന്ന കുടുംബക്ഷേമ പദ്ധതിയിലൂടെ 1558 കുടുംബങ്ങൾക്ക് 8,07,69,489 തുക രൂപതയ്ക്ക് അകത്തും കേരളത്തിനു പുറത്തുമുള്ള മിഷൻ രൂപതകളിലുമായി നമുക്കു പങ്കുവയ്ക്കാൻ കഴിഞ്ഞ

തിൽ അഭിമാനത്തിനു വകയുണ്ട്. നല്ലവരായ ഒത്തിരി മനുഷ്യരുടെ അവർണ്ണനീയമായ ഔദാര്യത്തിന്റെ ഫലമാണ് 'ബ്ലസ് എ ഹോം' പദ്ധതിയുടെ വിജയം. നാം ഇനിയും തുടരേണ്ട ഔദാര്യ മനസിന്റെ ഉദാത്ത വഴികളിൽ 'ബ്ലസ് എ ഹോം' പദ്ധതിക്കും ഇടമുണ്ടാകട്ടെ. മാത്രമല്ല തീർത്തും നിർധനരായ വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസത്തിനു നാം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ തലമുറകൾക്ക് പ്രകാശമായി തീരുമെന്നത് തീർച്ചയാണ്.

ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാൻ സ്വർഗ്ഗ സമ്മാനത്തിനു വിളിക്കപ്പെട്ട അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ഓർമ്മയ്ക്കായി നാന്ദി കുറിച്ച 'ഹൃദയ പാലിയേറ്റീവ് കെയർ' നാനാജാതി മതസ്ഥരായ അനേകം കിടപ്പുരോഗികളുടെയും നിരാലംബരായ മനുഷ്യരുടെയും അത്താണിയാണെന്നതിൽ സംശയമില്ല. 1350 രോഗികളെ ഭവനങ്ങളിൽ ചെന്നു ശുശ്രൂഷിക്കാനും 1200ൽ പരം മനുഷ്യരുടെ മരണ വേദനകളിൽ സമാശ്വാസമാകാനും പാവപ്പെട്ടവരുടെ മൃതസംസ്കാര വേളകളിൽ ആംബുലൻസ്, ഫ്രീസർ തുടങ്ങിയവയുടെ സൗജന്യ സഹായം ഒരുക്കാനും കഴിഞ്ഞിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഏതു പാതിരാത്രിയിലും ഭവനങ്ങളിൽനിന്നും രോഗികളെ ആശുപത്രിയിലെത്തിക്കാൻ തികച്ചും സൗജന്യമായ ആംബുലൻസ് സേവനം നാം ഉറപ്പാക്കുന്നുണ്ട്. കോവിഡ്19ന്റെ പശ്ചാത്തലത്തിൽ കത്തോലിക്കാ സഭാംഗങ്ങളുടെ മൃതദേഹ സംസ്കാരം ഏറ്റവും ആദരവോടെയും പ്രാർത്ഥനാ നിർഭരമായ അകമ്പടികളോടെയും സഭ അനുശാസിക്കുന്ന രീതിയിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്തുന്നതിന് ആവശ്യമായ ദ്രുതകർമ്മസേനയെ പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ എളുപ്പം സജ്ജമാക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. യുവവൈദികർ അടക്കമുള്ള 300ൽ പരം യുവാക്കളുടെ ധീരമായ ചുവടുവയ്പ്പിനു എത്രമാത്രം നന്ദിയർപ്പിച്ചാലും തികയുകയില്ല എന്നു തന്നെ പറയാം. 4.8 കോടി രൂപ കൊറോണ വൈറസ് വ്യാപനം ആരംഭിച്ച മാർച്ച് മുതൽ ഇന്നുവരെ നാം അർഹതപ്പെട്ടവർക്കായി ചെലവാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ-സാമൂഹിക-ആതുരസേവന രംഗത്തു നമ്മുടെ സ്ഥാപനങ്ങളായ സഹൃദയയും അനുബന്ധ പ്രസ്ഥാനങ്ങളും ജീസസ് ട്രെയിനിംഗ് കോളേജും മറ്റു സ്കൂളുകളും, മെഡിക്കൽ അക്കാദമിയും മറ്റു പരിശീലന കേന്ദ്രങ്ങളും, സോഷ്യൽ ആക്ഷൻ, അവാർഡ് തുടങ്ങിയവയും ചാലക്കുടി സെന്റ് ജെയിംസ്, മേലഡൂർ, ഇൻഫന്റ് ജീസസ് ആശുപത്രികളും അഭയ ഭവൻ, ശാലോം സദൻ, സ്വീറ്റ് ഹോം, കൃപാഭവൻ, ആശാനിലയം, സാന്തോം സ്പെഷ്യൽ സ്കൂൾ, ബാലഭവൻ, ശാന്തി സദൻ തുടങ്ങിയ സ്ഥാപനങ്ങളും തനതായ മുദ്ര പതിപ്പിച്ചു കഴിഞ്ഞിട്ടുണ്ട് എന്നത് ചരിത്രമാണ്. കൂടാതെ ലഹരി മോചന

പരിശീലന രംഗത്തുള്ള നവചൈതന്യയും സാൻജോ സദനും ആത്മീയ തുടർ പരിശീലന കേന്ദ്രങ്ങളായ ബി.എൽ.എം., മാർതോമാ സെന്റർ, പാക്സ്, സ്പിരിച്വാലിറ്റി സെന്റർ, പ്രത്യാശ, ജസ്റ്റിസ് ഫോറം, വിദ്യാജ്യോതി മതബോധന കേന്ദ്രം, വിവിധ സെമിനാരികൾ എന്നിവയിലൂടെ രൂപത പതിന്മടങ്ങ് വളർന്നിട്ടുണ്ട്. അതു ഇനിയും തുടരുക തന്നെ ചെയ്യും. കാലഘട്ടം ആവശ്യപ്പെടുന്ന പുത്തൻ പാതകളിൽ സധൈര്യം നാം ഇനിയും മുന്നേറേണ്ടതുണ്ട്.

മാധ്യമ ധർമത്തിലും രൂപത മുന്നിൽ തന്നെയാണ്. കേരള കത്തോലിക്കാ സഭയ്ക്കു വേണ്ടി 1970ലാണ് മതപരവും, ആനുകാലിക വിഷയങ്ങളും ഉൾപ്പെടുത്തി 'കേരളസഭ' എന്ന പേരിൽ ബി.എൽ.എം.ൽ നിന്നും മാസിക പ്രസിദ്ധീകരിച്ചു തുടങ്ങിയത്. ചുരുങ്ങിയ പേജുകളും വായനക്കാരുമായി തുടങ്ങിയ 'കേരളസഭ' ഇന്ന് കേരള കത്തോലിക്കാ സഭയുടെ പ്രസിദ്ധീകരണമായി മാറ്റപ്പെട്ടതും രൂപതയിലെ എല്ലാ കുടുംബങ്ങളിലും എത്തുന്നതും ഏറെ പ്രശംസകളേറ്റു വാങ്ങുന്നു. സഭാമക്കളും സാഹിത്യസ്നേഹികളുമായ അനേകം വൈദികർ, സിസ്റ്റേഴ്സ്, അൽമായർ എന്നിവർ പ്രതിഫലേച്ഛ കൂടാതെ സഹകരിച്ചിട്ടുണ്ട്. ഇക്കാലഘട്ടത്തിൽ സഭയുടെ മുഖമായും സത്യത്തിന്റെ സ്വരമായും കേരളസഭ നിലകൊള്ളുന്നത് ഏറെ അഭിനന്ദനാർഹമാണ്.

മലയോര മേഖലകളിലെ കർഷകരുടെ പ്രശ്നങ്ങളെ ഭരണകർത്താക്കളുടെ ശ്രദ്ധയിൽപ്പെടുത്താനും ആവശ്യമായ എല്ലാ നിയമോപദേശങ്ങളും സഹായങ്ങളും ഉറപ്പാക്കാനും രൂപത ദത്തശ്രദ്ധരാണ്. അത്തരം പ്രതിസന്ധികളിൽ ഒറ്റക്കെട്ടായി നിന്നുകൊണ്ട് മലയോര മേഖലകളിലെ വിശ്വാസികളെയും മറ്റു മതസ്ഥരെയും പിന്തുണയ്ക്കാൻ നാം ശ്രമിക്കണം. കാർഷിക മേഖലയിലെ വിലത്തകർച്ച നേരിടുന്നതിനും കർഷകർക്ക് ആവശ്യമായ വിപണികൾ കണ്ടെത്താൻ സഹായിക്കുന്നതിനും ജൈവകൃഷിരീതികളെയും അടുക്കള തോട്ടങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും നാം പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. അന്യസംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കാതെ സ്വന്തം കാലിൽ നിൽക്കാനും മാരക വിഷം കലർന്ന ഭക്ഷണവസ്തുക്കളെ ഒഴിവാക്കി ആരോഗ്യം കാത്തുസംരക്ഷിക്കുന്നതിനും ഒരു തുണ്ടു ഭൂമിപോലും വെറുതെ ഒഴിച്ചിടാതെ അവശ്യസാധനങ്ങളുടെ കൃഷിരീതികൾ പരീക്ഷിച്ചു നോക്കുന്നതിനും നാം സന്നദ്ധത പ്രകടിപ്പിക്കണം. ആരോഗ്യമുള്ള തലമുറയാണ് സഭയ്ക്കും സമൂഹത്തിനും സമുദായത്തിനും അനിവാര്യമായിട്ടുള്ളത്.

ഭാരതത്തിന്റെ വടക്കു കിഴക്കൻ മേഖലകളിൽ സുവിശേഷ വെളിച്ചം കടന്നു ചെല്ലാത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിലെ നമ്മുടെ പുതിയ വിളനിലമായ 'സിൽച്ചാർ മിഷൻ' ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെ

ട്ടിട്ട് ഒരു വർഷം പൂർത്തിയാകുകയാണ്. നമ്മുടെ രൂപതയിലെ നാലു വൈദികരുടെ സേവനം ലഭ്യമാക്കുന്നതോടൊപ്പം വിവിധ സന്യാസ സഭകളിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ ശുശ്രൂഷയും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ-ആതുര സേവന രംഗത്തും ഗ്രാമങ്ങളിൽ നേരിട്ടുചെന്നു സുവിശേഷം പങ്കുവയ്ക്കുന്ന വചനപ്രഘോഷണ മേഖലകളിലും നാനാവിധ ധാർമ്മിക-സാമൂഹിക നവോത്ഥാന രംഗത്തും പുത്തൻ അടയാളങ്ങൾ വിരചിക്കാനുള്ള ശ്രമമാണിത്. രാഷ്ട്രീയ-മത -ഭാഷാ സമ്മർദ്ദങ്ങൾക്കു നടുവിൽ ജീവൻ പണയം വച്ചുകൊണ്ട് ത്യാഗപൂർവ്വം ചെയ്യുന്ന പ്രേഷിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രാർത്ഥനയും സഹകരണവും സാമ്പത്തിക സഹായങ്ങളും നാം ധാരാളമായി നൽകേണ്ടതുണ്ട് എന്ന കാര്യം നമുക്കു മറക്കാതിരിക്കാം. സഭ സ്വഭാവത്താലേ തന്നെ പ്രേഷിതയാണല്ലോ. നമ്മുടെ പ്രവർത്തനങ്ങളുടെ വിജയാപജയങ്ങളെ വിലയിരുത്താനുള്ള മാനദണ്ഡങ്ങളിൽ ഒന്ന് തീർച്ചയായും പ്രേഷിതാഭിമുഖ്യം തന്നെയായിരിക്കുമെന്നത് തീർച്ചയാണ്.

ജീവിതത്തെ വ്യത്യസ്തമാക്കി മാറ്റുന്നത് ചില ദർശനങ്ങളാണ്. നമ്മുടെ പുതിയ തലമുറയിലെ ചെറുപ്പക്കാർക്ക് നവ സ്വപ്നങ്ങളും ദർശനങ്ങളും ദിശാബോധവും നൽകാൻ ഉതകുന്ന കർമ്മപദ്ധതികളാണ് നാം ഇനി ആസൂത്രണം ചെയ്യേണ്ടത്. രൂപതയുടെ ല്യൂമൻ യൂത്ത് സെന്ററും സിവിൽ സർവീസ് പരിശീലനവും പി. എസ്. സി. ബാങ്ക് പരിശീലനവും ക്രിസ്തീയ ന്യൂനപക്ഷ അവകാശ സമിതിയുടെ സ്ഥാപക ലക്ഷ്യവും അത്തരത്തിലുള്ളതാണ്. പൊതുജന രംഗത്തും സർക്കാർ സംവിധാനങ്ങളിലും സാമൂഹിക-കുടുംബക്ഷേമ പദ്ധതികളിലും മാധ്യമരംഗത്തും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും ഭരണവകുപ്പുകളിലും നമ്മുടെ യുവതീയുവാക്കളെ എത്തിക്കുക എന്നതാണു രൂപതയുടെ പുതിയ വെല്ലുവിളി. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിലേക്കും അന്യസംസ്ഥാനങ്ങളിലേക്കുമുള്ള പുതിയ അവസരങ്ങൾ എല്ലാംതന്നെ സ്വപ്നങ്ങൾ മാത്രമായി അവശേഷിക്കാനാണ് സാധ്യത. അതുപോലതന്നെ വിശ്വാസത്തിലും ധാർമ്മികതയിലും മൂല്യബോധങ്ങളിലും നിഷ്ഠയുള്ള യുവജനങ്ങളാണ് ഇന്നിന്റെ അനിവാര്യത. അതുകൊണ്ട് അത്തരത്തിലുള്ള മത-വിശ്വാസ-വിദ്യാഭ്യാസ പരിശീലനങ്ങളും പദ്ധതികളുമാണ് നാം വിഭാവനം ചെയ്യുന്നത്. നവമാധ്യമങ്ങളെ കണ്ണടച്ചു വിശ്വസിക്കാതിരിക്കാനും അവശ്യ സന്ദർഭങ്ങളിൽ മാന്യമായി പ്രതികരിക്കാനും ജാഗ്രതയോടെ അവയെ കൈകാര്യം ചെയ്യാനും യുവജനങ്ങളെ കൃത്യമായി പരിശീലിപ്പിക്കേണ്ടതുണ്ട്. ഇതേ ലക്ഷ്യത്തോടെയാണ് രൂപതയുടെ മാധ്യമ സംരംഭമായ ക്രിസ്തുദർശൻ, ദർശൻ കമ്മ്യൂണിക്കേഷൻ എന്നിവ പ്രവർത്തിക്കുന്നത്. വിവര സാങ്കേതിക വിദ്യയിലുണ്ടായ വിപ്ലവം നമ്മുടെ പവിത്ര

മായ കുടുംബ ബന്ധങ്ങളെ മൺപാത്രങ്ങളെപ്പോലെ തകർക്കാതിരിക്കാൻ അതിജാഗ്രതയുടെ കവചങ്ങൾ നാം ഒരുക്കേണ്ടതുമുണ്ട്.

ഇരിങ്ങാലക്കുട രൂപതയുടെ അത്ഭുതകരമായ വളർച്ചയിൽ കർമ്മോദ്യുക്തരായ ഇടവക വൈദികരുടെ പങ്ക് നിസ്തുലമാണ്. അതുപോലത്തന്നെ അനിഷേധ്യമായ സാന്നിധ്യവും ബലവുമാണ് ആയിരക്കണക്കിന് അത്മായ സഹോദരങ്ങളുടേത്. ഇടവക പ്രവർത്തനങ്ങളിൽ കാര്യമാത്രപ്രസക്തമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സംഘടനകളെയും പ്രസ്ഥാനങ്ങളെയും നമുക്ക് കൂടുതൽ ശക്തിപ്പെടുത്താം. രൂപതയുടെ സ്ഥാപകദിനത്തിൽ ഏവരെയും ഏറെ കടപ്പാടോടെ തിരുഹൃദയത്തണലിൽ സമർപ്പിക്കുന്നു. സമർപ്പണത്തിന്റെയും നന്മയുടെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിശുദ്ധിയുടെയും വിരുന്നൊരുക്കി സമൂഹ ജീവിതവും സാമൂഹ്യ ജീവിതവും അർത്ഥവത്താക്കുന്ന നമ്മുടെ രൂപതാതിർത്തിക്കുള്ളിലുള്ള എല്ലാ സന്യാസ ഭവനങ്ങളെയും സന്യാസിനി സന്യാസികളെയും ബഹുമാനപ്പെട്ട ബ്രദേഴ്സിനെയും ഇത്തരുണത്തിൽ ഏറെ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഇടവകകളുടെ അജപാലന രംഗങ്ങളിൽ വികാരിയച്ചന്മാരോടൊപ്പം ആത്മാർത്ഥതയോടെ ശുശ്രൂഷ ചെയ്യുന്ന സന്യസ്തരുടെ സാന്നിധ്യം ദൈവവിളി പ്രോത്സാഹനത്തിന് ആക്കം കൂട്ടുന്നുണ്ട് എന്നതിൽ എതിരഭിപ്രായങ്ങൾ ഒന്നുംതന്നെയില്ല. നമ്മുടെ രൂപതയിൽ നിന്നുള്ള 800ൽ പരം വൈദികരും 3200ൽ പരം സന്യസ്തരും ഭാരതത്തിനകത്തും വിദേശ രാജ്യങ്ങളിലുമായി സേവനം ചെയ്യുന്നുണ്ട് എന്നത് രൂപതയുടെ യശസ് വാനോളം ഉയർത്തുന്നു. ധാരാളം സമർപ്പിത ദൈവവിളികൾ ഇനിയും നമ്മുടെ രൂപതയനിന്നും ഉണ്ടാകേണ്ടതുണ്ട്. മാതാപിതാക്കളും പ്രിയപ്പെട്ടവരും അജപാലകരും അതിനുള്ള വഴികൾ തെളിക്കേണ്ടതുണ്ടെന്നു ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിളഭൂമികൾ വേലക്കാർക്കുവേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്.

*നിങ്ങളേവർക്കും*
*പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിന്റെയും*
*രൂപതാദിനത്തിന്റെയും വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ*
*തിരുനാളിന്റെയും പ്രാർത്ഥനാശംസകൾ!*

നിങ്ങളുടെ പിതാവ്

+ Pauly Kannookadan

ഇരിങ്ങാലക്കുട
20.08.2020

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

Prot. No. 1008 /2020

# സിനഡ് അനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർസഭയിലെ മെത്രാന്മാരുടെ 28-ാമത് സിനഡിന്റെ രണ്ടാം സമ്മേളനം 2020 ആഗസ്റ്റ് 18 മുതൽ 21 വരെ നാലു ദിവസങ്ങളിൽ നടന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ പ്രത്യേക അനുമതി പ്രകാരം സഭാചരിത്രത്തിൽ പ്രഥമമായി ഓൺലൈനായാണ് സിനഡ് സമ്മേളിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും അമേരിക്ക, കാനഡ, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇറ്റലി എന്നീ രാജ്യങ്ങളിലും സേവനം ചെയ്യുന്നവരും ഔദ്യോഗിക ശുശ്രൂഷയിൽനിന്നു വിരമിച്ചവരും ഉൾപ്പെടെ 62 മെത്രാന്മാർ സിനഡിൽ പങ്കെടുത്തു. സഭാപരവും രാഷ്ട്രീയവും കാർഷികവുമായ മേഖലകളിലെ കാലികപ്രസക്തമായ വിഷയങ്ങൾ ചർച്ച ചെയ്തു സിനഡ് പ്രായോഗികമായ തീരുമാനങ്ങൾ എടുത്തു.

**കോവിഡ് കാലത്തെ അജപാലനം**

കോവിഡ്19 എന്ന മഹാമാരിക്കെതിരായുള്ള പോരാട്ടത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സഭ പൂർണ്ണ പിന്തുണ അറിയിച്ചു. കൊറോണ വൈറസ് ബാധയാൽ മരണമടഞ്ഞ എല്ലാവരെയും അനുസ്മരിക്കുകയും അവരുടെ കുടുംബങ്ങളുടെ വേദനയിൽ പ്രാർത്ഥനാപൂർവ്വം പങ്കുചേരുകയും ചെയ്തു. രോഗബാധിതരാവുകയോ മരണമടയുകയോ ചെയ്ത എല്ലാ ആരോഗ്യപ്രവർത്തകരെയും ക്രമസമാധാന പാലകരെയും സിനഡ് പ്രത്യേകം അനുസ്മരിച്ചു.

സമൂഹത്തിന്റെ സകല മേഖലകളെയും ബാധിച്ച കോവിഡ്19 സഭയുടെ അജപാലനരംഗത്തും പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി സിനഡ് വിലയിരുത്തി. കൂദാശകളുടെ പരികർമ്മത്തിനും മതബോധനത്തിനും ഓൺലൈൻ മാർഗ്ഗങ്ങൾ അവലംബിക്കേണ്ട സാഹചര്യമാണ് കോവിഡുമൂലം സംജാതമായത്. കുടുംബങ്ങളെ ദൈവാലയങ്ങളാക്കി മാറ്റി ഒത്തിരിയേറെ കുടുംബങ്ങൾ കോവിഡുകാലത്ത് ആധ്യാത്മിക ജീവിതത്തിൽ വളർന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ, ആരാധനാലയങ്ങൾ തുറക്കാൻ സർക്കാരിന്റെ അനുവാദം ലഭിച്ചശേഷവും ഓൺലൈൻ കുർബ്ബാനകളിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത ഗുണകരമല്ല. ദൈവാലയത്തിലെത്തി വിശുദ്ധ കുർബ്ബാനയിൽ നേരിട്ടുപങ്കുചേർന്ന് ഈശോയെ ദിവ്യകാരുണ്യമായി സ്വീകരിക്കുമ്പോഴാണ് വിശുദ്ധ കുർബ്ബാനയർപ്പണം അർത്ഥപൂർണ്ണമാകുന്നത്.

ഓൺലൈൻ കുർബ്ബാനകളെ ഇതിനുതുല്യം പ്രാധാന്യമുള്ളതായി കരുതുന്നത് ശരിയല്ല. കോവിഡ് വ്യാപനം മൂലം നിരോധിതമേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങളിലുള്ളവർക്കു ഞായറാഴ്ച കുർബ്ബാനയിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആഴ്ചവട്ടത്തിലെ ഏതെങ്കിലുമൊരു ദിവസം ദൈവാലയത്തിലർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ അവർ പരിശ്രമിക്കണമെന്ന കാര്യം സിനഡ് ഓർമ്മിപ്പിച്ചു.

രോഗങ്ങളും മഹാമാരികളും നമ്മെ നിരാശയിലേയ്ക്ക് നയിക്കാതെ മാനസാന്തരവഴികളിലൂടെ ദൈവസന്നിധിയിലേക്ക് തിരിച്ചുനടക്കാൻ പ്രേരിപ്പിക്കണം. കോവിഡ് പ്രതിസന്ധിയിലും ഇതുതന്നെയായിരിക്കണം നമ്മുടെ മനോഭാവം. നമ്മുടെ ആത്മീയ പ്രതിരോധത്തിന്റെ ഭാഗമായി ഈ വർഷത്തെ എട്ടു നോമ്പ് തീക്ഷ്ണതയോടെ ആചരിക്കുന്നതിനു ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രത്യേക സർക്കുലർ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു കാണുമല്ലോ. അതോടൊപ്പം സെപ്റ്റംബർ 4 വെള്ളിയാഴ്ച ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിക്കാനും ഈ നിയോഗംവച്ച് നമ്മുടെ സഭയിലെ എല്ലാ മെത്രാന്മാരും വൈദികരും പ്രത്യേക വിശുദ്ധ കുർബ്ബാനയർപ്പിക്കാനും നിർദേശിച്ചിരുന്നു. വൻശക്തികളായ രാഷ്ട്രങ്ങളും സമർത്ഥരായ ശാസ്ത്രജ്ഞരും കോവിഡിന് മുന്നിൽ പകച്ചുനിൽക്കുമ്പോൾ ദൈവകരുണയ്ക്കു വേണ്ടിയുള്ള തീക്ഷ്ണമായ പ്രാർത്ഥനകൾ നമുക്കു തുടരാം. രോഗവ്യാപനം ശമിക്കുന്നതിനും അനുയോജ്യമായ ഔഷധങ്ങൾ കണ്ടെത്തുന്നതിനും ദൈവിക ഇടപെടൽ വേഗത്തിൽ ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**മൃതശരീരങ്ങളുടെ ദഹിപ്പിക്കൽ**

മൃതശരീരങ്ങൾ സംസ്ക്കരിക്കുന്നതാണ് സഭയുടെ സാധാരണ രീതിയെങ്കിലും പ്രത്യേക സന്ദർഭങ്ങളിലും പകർച്ചവ്യാധികളുടെ കാലത്ത് വിശേഷിച്ചും മൃതശരീരങ്ങൾ ദഹിപ്പിക്കാൻ സഭയിൽ അനുവാദം ഉള്ളതാണ്. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചു കൊണ്ടു മൃതശരീരങ്ങൾ ദഹിപ്പിക്കാനും സംസ്കരിക്കാനും എല്ലാ രൂപതകളും പരിശീലനം സിദ്ധിച്ച പ്രത്യേക സന്നദ്ധസേന രൂപീകരിച്ചത് മാതൃകാപരമാണ്. മൃതശരീരങ്ങൾ ദഹിപ്പിക്കാനുള്ള ക്രിമറ്റോറിയങ്ങൾ രൂപതാതലത്തിലോ അതിരൂപതാതലത്തിലോ ക്രമീകരിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് സിനഡ് നിർദ്ദേശിച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ എല്ലാ കർമ്മങ്ങളും പൂർത്തിയാക്കി ഇത്തരം സ്ഥലങ്ങളിൽ ദഹിപ്പിച്ചശേഷം ലഭിക്കുന്ന വിഭൂതി സെമിത്തേരികളിൽ സൂക്ഷിക്കേണ്ടതാണ്.

**സർക്കാർ നയങ്ങളിലെ വിവേചനം**

ന്യൂനപക്ഷാവകാശങ്ങൾ നൽകുന്നതിൽ നിലവിലുള്ള 80:20 എന്ന അനീതിപരമായ അനുപാതം തിരുത്താൻ സർക്കാർ തയ്യാറാകാത്തതിൽ സിനഡ് പ്രതിഷേധമറിയിച്ചു. ന്യൂനപക്ഷ കമ്മീഷന്റെ ജില്ലാതല

പ്രതിനിധികളെ തിരഞ്ഞെടുത്തതിൽ നിലനിൽക്കുന്ന അനീതിയും പരിഹരിക്കപ്പെടേണ്ടതാണ്. സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏർപ്പെടുത്തിയിട്ടുള്ള 10% സംവരണം പി.എസ്.സി. റാങ്കുലിസ്റ്റ് ഉൾപ്പെടെ എല്ലാ മേഖലകളിലും നടപ്പിലാക്കാൻ സത്വരനടപടികൾ സമയബന്ധിതമായി സർക്കാർ സ്വീകരിക്കണം. മാറിയ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സീറോ മലബാർസഭാംഗങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചു പഠിക്കുന്നതിനും പ്രതിവിധികൾ കണ്ടെത്തുന്നതിനും ഒരു പ്രത്യേക കമ്മീഷനെ നിയോഗിക്കണമെന്ന് സർക്കാരിനോട് ഔദ്യോഗികമായി ആവശ്യപ്പെടാനും സിനഡ് തീരുമാനിച്ചു.

**കാർഷികപ്രതിസന്ധി**

തുടർച്ചയായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും രൂക്ഷമായ വന്യമൃഗശല്യങ്ങളുംമൂലം കർഷകർ അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലൂടെയാണു കടന്നുപോകുന്നത്. ഉല്പന്നങ്ങളുടെ വലിയ വിലത്തകർച്ച കർഷകരുടെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കിയിരിക്കുകയാണ്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ജനവാസമേഖലകളെ പരിസ്ഥിതി ലോലപ്രദേശങ്ങളിൽ ഉൾപ്പെടുത്തി നിയന്ത്രണങ്ങൾ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് വീണ്ടും ഉണ്ടാകുന്നതിന് എതിരെ സിനഡ് ശക്തമായ എതിർപ്പു രേഖപ്പെടുത്തി. വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച പത്തനംതിട്ട ജില്ലയിലുള്ള ചിറ്റാറിലെ പി.പി. മത്തായിയുടെ മൃതസംസ്കാരം നടത്തുന്നതിനു അനുകൂലമായ സാഹചര്യം ഒരുക്കിക്കൊണ്ടു ആ കുടുംബത്തിന് നീതിലഭ്യമാക്കണമെന്നു സിനഡ് സർക്കാരിനോട് ആവശ്യപ്പെട്ടു. കാർഷികവായ്പകളുടെ പലിശയെങ്കിലും എഴുതിത്തള്ളി കർഷകരെ സഹായിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്നോട്ടു വരണം. വന്യമൃഗങ്ങളെ വനത്തിനുള്ളിൽ മാത്രം ഒതുക്കി നിർത്തി കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ക്രിയാത്മകമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് കർഷകർക്കുണ്ടാകുന്ന ഭീമമായ നഷ്ടം നികത്താൻ സർക്കാർ ആത്മാർത്ഥമായി ഇടപെടണമെന്നും സിനഡ് ആവശ്യപ്പെട്ടു.

**ദരിദ്രർക്കു സഹായം**

ഭക്ഷണമില്ലാത്തവർക്കു ഭക്ഷണമുറപ്പാക്കാൻ സഭാസംവിധാനങ്ങൾ ആവശ്യമായ നടപടിയെടുക്കണമെന്ന് സിനഡ് പ്രത്യേകം ആഹ്വാനം ചെയ്തു. ദരിദ്രരുടെ പക്ഷംചേർന്ന് അവരുടെ വിശപ്പകറ്റിയ ഈശോയുടെ മാതൃകയിൽ ദരിദ്രരോടൊപ്പം നിൽക്കാനും ഫ്രാൻസിസ് മാർ പാപ്പ വിഭാവനം ചെയ്യുന്ന ദരിദ്രരുടെ പക്ഷത്തുനിൽക്കുന്ന ദരിദ്രയായ സഭ എന്ന ആശയം

പ്രയോഗവൽക്കരിക്കാനുമുള്ള സമയമായി കോവിഡ് പകർച്ചവ്യാധിയുടെ ഈ സാഹചര്യത്തെ കണക്കാക്കണം. സർക്കാരിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സീറോ മലബാർ സഭ പൂർണ്ണമായ പിന്തുണ നല്കുന്നുണ്ട്. സഭയുടെ വിവിധ രൂപത കളിലെയും സമർപ്പിതസമൂഹങ്ങളി ലെയും സാമൂഹികസേവന വിഭാഗങ്ങൾ വഴി 53.3 കോടി രൂപയുടെ സഹായ പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

കോവിഡ് മഹാമാരി ആശങ്കാജനകമായി വ്യാപിക്കുന്ന സാഹചര്യ ത്തിൽ സമൂഹത്തിൽ ദാരിദ്ര്യവും പട്ടിണിയും വ്യാപിക്കുന്നതായി സിനഡ് വിലയിരുത്തി. സർക്കാർ സംവിധാനങ്ങളുടെ മാത്രം ഇടപെടലുകൾകൊണ്ട് ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ പശ്ചാത്തലത്തിൽ സമൂഹത്തിലെ പാവപ്പെട്ട വരുടെ കാര്യത്തിൽ സഭയ്ക്കു സവിശേഷമായ ശ്രദ്ധയുണ്ടാകണം. ഓരോ ഇടവകയും സഭാസ്ഥാപനവും സംഘടനയും തങ്ങൾക്കു ചുറ്റുമുള്ള നാനാ ജാതി മതസ്ഥരുടെ ദാരിദ്ര്യപൂർണ്ണമായ ജീവിതസാഹചര്യങ്ങളെ ഗൗരവമായി പരിഗണിക്കണം. തങ്ങളുടെ ചുറ്റുമുള്ള ദാരിദ്ര്യമനുവിക്കുന്നവർക്കു ഭക്ഷണം ഉറപ്പാക്കാൻ സഭാംഗങ്ങൾ എല്ലാവരും ശ്രദ്ധ ചെലുത്തണമെന്നു സിനഡ് ആഗ്രഹിക്കുന്നു.

ഓരോ ഇടവകാതിർത്തിയിലും പട്ടിണിനേരിടുന്ന ഭവനങ്ങളെ കണ്ടെത്താനുള്ള നടപടി ഉടൻ സ്വീകരിക്കേണ്ടതുണ്ട്. അവർക്കു ഭക്ഷണ ലഭ്യത ഉറപ്പുവരുത്താനുള്ള കാര്യക്ഷമവും പ്രായോഗികവുമായ സംവിധാന ങ്ങൾ ക്രമീകരിക്കണം. പള്ളികളുടെ മുൻഭാഗത്തുള്ള മോണ്ടളത്തിൽ അരിയും പയറും മറ്റ് അവശ്യഭക്ഷ്യസാധനങ്ങളും അടങ്ങിയ കിറ്റുകൾ തയ്യാറാക്കിവയ്ക്കുന്ന പതിവു നമ്മുടെ സഭയിലെ പല ഇടവകകളിലും നില വിലുണ്ട്. ഈ പദ്ധതി സാധിക്കുന്നിടത്തോളം സഭ മുഴുവനിലും ഫലപ്രദമായി നടപ്പിലാക്കാൻ പരിശ്രമിക്കണം. ഭക്ഷണകാര്യങ്ങളിൽ ബുദ്ധിമുട്ടനുഭവി ക്കുന്നവർക്ക് ഭക്ഷ്യവസ്തുക്കൾ ആരുടെയും അനുവാദം കൂടാതെ എടുത്തു കൊണ്ടുപോകാനുള്ള അവസരം ഇതുവഴി ഒരുക്കാവുന്നതാണ്.

സാഹോദര്യവും മാനവികതയും പ്രടമാക്കാനുള്ള ഏറ്റവും ഫലപ്രദ മായ മാർഗ്ഗം വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുക എന്നതാണ്. എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷണം തന്നു (മത്താ.25:35) എന്ന് അന്ത്യ നാളിൽ ഈശോയുടെ സ്വരം കേൾക്കാനിടയാകത്തക്കവിധം ഇന്നു ദരിദ്രരുടെ നിലവിളിക്കു നമുക്ക് ചെവികൊടുക്കാം. വിശക്കുന്ന വയറുകളോട് ഈശോ കാണിച്ച കരുതൽ നമ്മുടെ എല്ലാ ഇടവകകളിലും പ്രായോഗിക പദ്ധതി കളായി രൂപപ്പെടണം. അതിനു വേണ്ടി നമ്മുടെ ഇടവകകളുടെയും സ്ഥാപന ങ്ങളുടെയും വരുമാനം ഉപയോഗിക്കുവാനുള്ള കടമയെക്കുറിച്ചും സിനഡ് ബന്ധപ്പെട്ട എല്ലാവരെയും ഓർമ്മിപ്പിച്ചു.

**വൈദികപരിശീലനം**

കോവിഡ്19ന്റെ കാലത്തു വൈദികപരിശീലനം നേരിടുന്ന പ്രതിസന്ധി കളെക്കുറിച്ച് സിനഡു ചർച്ചചെയ്തു. ഓരോ സെമിനാരി യിലെയും പ്രത്യേക സാഹചര്യം പരിഗണിച്ചു ഡീക്കന്മാരുടെ പരിശീലനം പൂർത്തിയാക്കുന്നതി നനുസൃതമായി അവരുടെ തിരുപ്പട്ട സ്വീകരണത്തിന്റെ സമയം ക്രമീകരിക്കു ന്നതിന് രൂപതാധ്യക്ഷന്മാരെയും സമർപ്പിത സമൂഹങ്ങളിലെ മേജർ സുപ്പീരിയർമാരെയും സിനഡ് ചുമതലപ്പെടുത്തി. വൈദികപരിശീലനം പരമപ്രധാനമാകയാൽ സെമിനാരികളിലെ അധ്യാപകരെ തിരഞ്ഞെടുക്കുന്ന തിന് കൂടുതൽ സഭാത്മകമായ മാനദണ്ഡങ്ങൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

**യാമപ്രാർത്ഥനകൾ**

സഭയിലെ യാമപ്രാർത്ഥനകളുടെ പരിഷ്കരണത്തിന് ആരാധനാ ക്രമ കമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സിനഡ് അംഗീകരിച്ചു. പരിഷ്കരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന്റെ ഡ്രാഫ്റ്റ് അടുത്ത സിനഡിൽ വിശദമായി ചർച്ചചെയ്യാനും തീരുമാനമായി. സഭയുടെ കൂട്ടായ്മയും ഐക്യവും പൂർവ്വാ ധികം ശക്തമാക്കാനുള്ള പരിശ്രമങ്ങൾ എല്ലാതലങ്ങളിലും വ്യാപിപ്പിക്കണ മെന്ന് സിനഡ് ആഹ്വാനം ചെയ്തു.

**ആദരാഞ്ജലികൾ**

ഇടുക്കി ജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചി ലിലും ജീവനും സ്വത്തും നഷ്ടപ്പെട്ടവരെയും കോഴിക്കോട് കരിപ്പൂർ വിമാന താവളത്തിലുണ്ടായ അപകടത്തിൽ മരണമടഞ്ഞവരെയും സിനഡ് പ്രാർ ത്ഥനാപൂർവ്വം അനുസ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**ഉപസംഹാരം**

ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയലമർന്നു ഞെരു ങ്ങുന്ന ഈ സന്ദർഭത്തിൽ കൂടുതൽ ഉണർവ്വോടും ഉത്സാഹത്തോടും കൂടി പ്രാർത്ഥിക്കാനും കാരുണ്യപ്രവർത്തനങ്ങളിൽ ഊർജ്ജസ്വലതയോടുകൂടി വ്യാപരിക്കാനും സഭാതനയരേവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. തിരുസഭാമാതാവായ പരിശുദ്ധ കന്യകാമറിയ ത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്കപേക്ഷിക്കാം.

സ്നേഹാശംസകളോടെ,

**കർദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 സെപ്തംബർ മാസം 6-ാം തിയ്യതി ഞായറാഴ്ച വി. കുർബ്ബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങ ളിലും വായിക്കുവാൻ നൽകപ്പെട്ടത്. വി. കുർബ്ബാനയിൽ സംബന്ധിക്കാൻ സാധി ക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതാണ്.

Prot. No. 0989/2020 24.08.2020

## സർക്കുലർ

# എട്ടുനോമ്പാചരണം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 21 വരെ നടന്ന നമ്മുടെ സഭയുടെ സിനഡിന്റെ ഒരു പ്രധാന തീരുമാനം അറിയിക്കുന്നതിനാണ് ഈ കത്ത്. സിനഡിൻെറ ചർച്ചകളെയും തീരുമാനങ്ങളെയും കുറിച്ചുള്ള പൊതുവായ സർക്കുലർ താമസിയാതെ അയക്കുന്നതാണ്.

എട്ടുനോമ്പ് നമ്മുടെ സഭയിൽ ഏതാനും വർഷങ്ങളായി കൂടുതൽ പ്രാധാന്യത്തോടെ ആചരിക്കപ്പെടുന്നുണ്ട്. കോവിഡിൻെറ വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ മഹാമാരിയെ അതിജീവിക്കുക എന്ന നിയോഗത്തിൽ നമ്മുടെ സഭയിൽ എല്ലാവരും ഈ വർഷത്തെ എട്ടുനോമ്പ് തീക്ഷ്ണമായി അനുഷ്ഠിക്കണമെന്ന് സിനഡിൽ തീരുമാനമുണ്ടായി. അതനുസരിച്ച് സെപ്തംബർ ഒന്നു മുതൽ ഏഴു വരെയുള്ള ദിവസങ്ങളിൽ എല്ലാവരും നോമ്പ് ആചരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ ഈ പകർച്ച വ്യാധിയിൽനിന്നുള്ള അതിജീവനത്തിനായി പ്രത്യേക പ്രാർത്ഥനകൾ തുടരണം. നോമ്പുദിവസങ്ങളിൽ മാംസവും മത്സ്യവും വർജിക്കണമെന്നു പറയേണ്ടതില്ലല്ലോ.

കൂടാതെ, നോമ്പിനിടയിലുള്ള നാലാം തിയ്യതി വെള്ളിയാഴ്ച സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ സഭയിലെ മെത്രാന്മാരും, രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ഈ മഹാമാരിയെ അതിജീവിക്കുന്നതിന് ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബ്ബാന അർപ്പിക്കണം. ആ വിശുദ്ധ കുർബ്ബാനയിൽ ജനങ്ങളെ ല്ലാവരും ഏതെങ്കിലും രീതിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം. അങ്ങനെ നമ്മുടെ സഭ മുഴുവൻ ഒരേ ദിവസം ഒന്നിച്ച് വിശുദ്ധ കുർബ്ബാന യർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിൽ അത് കൂടുതൽ സ്വീകാര്യ മാകുമല്ലോ. എട്ടാം തിയ്യതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് സമുചിതമായി ആഘോഷിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ആഗസ്റ്റ് 30-ാം തിയ്യതി ഞായറാഴ്ച കുർബ്ബാനമദ്ധ്യേ വായിക്കുവാനും, വി. കുർബ്ബാ നയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സൗകര്യപ്രദമായ രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കുവാനും വേണ്ടി നൽകപ്പെട്ടത്.




1. **Appointments and relieving orders:**
**Rev. Fr. Sinto Chittilapilly:** Appointed Director, Ecumenism of the Eparchy of Irinjalakuda, w.e.f. 29th July 2020.

2. **എട്ടുനോമ്പാരംഭം – സെപ്തംബർ 1 ചൊവ്വ:** സിനഡ് ആഹ്വാനമനുസരിച്ച് കോവിഡിന്റെ വ്യാപനം തീവ്രമാകുന്ന സാഹചര്യത്തിൽ പകർച്ച വ്യാധിയെ അതിജീവിക്കുക എന്ന നിയോഗത്തോടെ സെപ്തംബർ 1–ാം തിയ്യതി ചൊവ്വാഴ്ച മുതൽ ആരംഭിക്കുന്ന എട്ടു നോമ്പ് മത്സ്യമാംസാദികൾ വർജ്ജിച്ചുകൊണ്ട് എല്ലാവരും തീഷ്ണമായി ആചരിക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു.

3. **ഉപവാസ പ്രാർത്ഥനാദിനം – സെപ്തംബർ 4 വെള്ളി:** എട്ടുനോമ്പിനിടയിലുള്ള വെള്ളിയാഴ്ച സെപ്തംബർ 4–ാം തിയ്യതി സാധിക്കുന്ന എല്ലാവരും ഉപവാസം അനുഷ്ഠിക്കേണ്ടതാണ്. അന്നേദിവസം രൂപതക്കാരും സമർപ്പിതരുമായ എല്ലാ വൈദികരും ദൈവകരുണ യാചിച്ചുകൊണ്ട് ബലിയർപ്പിക്കേണ്ടതും വിശ്വാസികൾ എല്ലാവരും ഏതെങ്കിലും രീതിയിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കേണ്ടതുമാണ്.

4. **മാസധ്യാനം – സെപ്തംബർ 4 വെള്ളി:** സെപ്തംബർ മാസത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനം 4–ാം തിയ്യതി വെള്ളിയാഴ്ച ഓൺലൈൻ വഴി നടത്തുന്നു. വെള്ളിയാഴ്ച വൈകീട്ട് 5.30 ന് ആരംഭിക്കുന്ന ധ്യാനത്തിൽ എല്ലാവൈദികരും ആദ്യന്തം പങ്കുചേരുവാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ധ്യാനത്തിൽ പങ്കുചേരുന്നതിനുള്ള ഓൺലൈൻ ലിങ്ക് ഇനിയും ലഭിക്കാത്തവർക്ക് രൂപതയുടെ ഓഫീഷ്യൽ വാട്സാപ് ഗ്രൂപ്പിൽനിന്നും ലഭിക്കുന്നതാണ്.

5. **മാതാവിന്റെ ജനനതിരുനാൾ – സെപ്തംബർ 8 ചൊവ്വ:** മാതാവിന്റെ ജനനതിരുനാൾ സമുചിതമായി ആഘോഷിക്കുമല്ലോ.

6. **43–ാം രൂപതാദിനം – സെപ്തംബർ 10 വ്യാഴം:** നമ്മുടെ രൂപതയുടെ 43–ാം രൂപതാദിനവും ദൈവവിളി പ്രോത്സാഹനവർഷത്തിന്റെ സമാപനവും 2020 സെപ്തംബർ 10 വ്യാഴാഴ്ച രാവിലെ 9 മണിക്ക്

ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. കോവിഡ്19ന്റെ നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ട് പൊതുവായ ഒത്തുചേരൽ സാധ്യമല്ലാത്തതിനാൽ അന്നേ ദിവസം എല്ലാ ഇടവകകളിലും കൃതജ്ഞതാബലിയർപ്പിച്ച് രൂപതയ്ക്കു വേണ്ടി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

7. **കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ - സെപ്തംബർ 14 തിങ്കൾ**
8. **വാർഷികധ്യാനം:** ബഹുമാനപ്പെട്ട വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനം, കോവിഡ്19ന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി 2020 നവംബർ മാസത്തിൽ നടത്തുന്നതാണ്. നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് വിവിധ ആഴ്ചകളിലായി നടത്താനുദ്ദേശിക്കുന്ന ധ്യാനത്തിന്റെ സമയക്രമീകരണങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.
9. **മിഷൻ ഞായർ - ഒക്ടോബർ 18 ഞായർ:** മിഷൻ ഞായറിനോടനുബന്ധിച്ച് രൂപതാതലത്തിൽ നൽകിവരാറുള്ള മിഷൻ കലണ്ടറുകളും കവറുകളും ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. അതേസമയം മിഷൻ ചൈതന്യം വളർത്തുക എന്ന ലക്ഷ്യത്തോടെ, ഇപ്പോഴത്തെ സാഹചര്യങ്ങൾ പരിഗണിച്ച് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ഇടവകതലത്തിൽ സംഘടിപ്പിക്കണമെന്നും നമ്മുടെ രൂപതയുടെ മിഷനായ സിൽച്ചാർ മിഷനെ കഴിയുന്നവിധത്തിൽ സഹായിക്കണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.
10. **നോമ്പ് - ഉയിർപ്പ് കാലങ്ങൾ 2021**

| | | |
|---|---|---|
| നോമ്പ് ഒന്നാം ഞായർ | - | 2021 ഫെബ്രുവരി 14 |
| ഉയിർപ്പ് തിരുനാൾ | - | 2021 ഏപ്രിൽ 04 |
| പന്തകുസ്ത തിരുനാൾ | - | 2021 മെയ് 23 |

രൂപതാ കാര്യാലയം
24.08.2020

**മോൺ. ലാസർ കുറ്റിക്കാടൻ**
വികാരി ജനറാൾ



# 43–ാം രൂപതാദിനം 2020

**2020 സെപ്തംബർ 10 വ്യാഴാഴ്ച**
**രാവിലെ 9.00 – 10.30**

*"കൃതജ്ഞതാസ്തോത്രത്തോടെ അവിടുത്തെ സന്നിധിയിൽ ചെല്ലാം. ആനന്ദത്തോടെ സ്തുതിഗീതങ്ങൾ ആലപിക്കാം"*
(സങ്കീ. 95,2).

ഇരിങ്ങാലക്കുട രൂപതയുടെ 43–ാം രൂപതാദിനവും ദൈവവിളി പ്രോത്സാഹന വർഷത്തിന്റെ സമാപനവുമായ സെപ്തംബർ 10–ാം തിയ്യതി വ്യാഴാഴ്ച രൂപതയിലെ വിവിധ തലങ്ങളിലുള്ള പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽവച്ച് രാവിലെ 9 മണിക്ക് രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലിയർപ്പിക്കുന്നതാണ്. ഈ വർഷം പൗരോഹിത്യത്തിന്റെ സുവർണ്ണ, രജത ജൂബിലികൾ ആഘോഷിക്കുന്ന ബഹുമാനപ്പെട്ട വൈദികർ സഹകാർമ്മികരായിരിക്കും.

വി. കുർബ്ബാനയുടെ തത്സമയ സംപ്രേക്ഷണം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കേണ്ട പ്രതിനിധികൾക്ക് രൂപതാകേന്ദ്രത്തിൽനിന്ന് പ്രത്യേക അറിയിപ്പ് നൽകുന്നതായിരിക്കും.

കോവിഡ്19ന്റെ നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ട് പൊതുവായ ഒത്തുചേരൽ സാധ്യമല്ലാത്തതിനാൽ അന്നേ ദിവസം നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും കൃതജ്ഞതാബലിയർപ്പിച്ച് രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

നാളിതുവരെ രൂപതയ്ക്കു ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവത്തോട് നന്ദിപറയുവാനും പരസ്പരം ആശംസകൾ കൈമാറുവാനും ഈ സുദിനത്തിൽ നമുക്ക് പരിശ്രമിക്കാം.



# ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ

**(2020 സെപ്തംബർ 6 ഞായർ – ഒക്ടോബർ 31 ശനി)**

ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14-ാം തിയ്യതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയ വരുമെന്നും (മലാക്കി 4:5) വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോദ്ധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടത്തോടൊപ്പം ഉണ്ടായിരുന്നതായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകാവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാന വിഷയങ്ങൾ. അതോടൊപ്പം, പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നൽകുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമദ്ധ്യത്തിൽ മഹത്ത്വപൂർണ്ണമായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം (മത്താ 24:30) കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാ രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും സൂചിപ്പിക്കുന്നു. ചെങ്കടലിനുമീതെ തന്റെ വടി നീട്ടിക്കൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ വഴി കാട്ടിയതുപോലെ, സ്ലീവാവഴി മിശിഹാ പറുദീസയിലേക്ക് വഴികാട്ടിത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശ മരുഭൂമിയിൽ ഉയർത്തിയ പിച്ചള സർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട്, സ്ലീവ വഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

## റവ. സി. മർസ്സെല്ല എഫ്.സി.സി.

**മരണം : 22.07.2020**



ഇരിങ്ങാലക്കുട രൂപത, കരുവന്നൂർ ഇടവക, തേലപ്പിള്ളി പാറമേൽ കുടുംബത്തിൽ ഔസേപ്പ് - ത്രേസ്യ ദമ്പതികളുടെ 18 മക്കളിൽ പതിനെട്ടാമത്തെ സന്താനമായി 25.10.1920ൽ കൊച്ചുത്രേസ്യ ഭൂജാതയായി. ഇവരിൽ 14 പേരും വളരെ ചെറുപ്പത്തിൽ തന്നെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1939ൽ കരുവന്നൂർ മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. 1942ൽ സഭാവസ്ത്രം സ്വീകരിച്ച കൊച്ചുത്രേസ്യ 1943ൽ പ്രഥമവ്രതവാഗ്ദാനം നടത്തി സി. മർസ്സെല്ല എന്ന നാമം സ്വീകരിച്ചു. 1946ൽ നിത്യവ്രതവാഗ്ദാനം നടത്തിയ സിസ്റ്ററിന് 1993ൽ സുവർണ്ണജൂബിലിയും 2018ൽ പ്ലാറ്റിനം ജൂബിലിയും ഘോഷിക്കാൻ ഭാഗ്യം ലഭിച്ചു. 77 വർഷത്തെ തന്റെ സന്യാസസമർപ്പണ ജീവിതത്തിൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച അമ്മയുടെ ആത്മാവിനെ 2020 ജൂലായ് 22ന് ആത്മമണവാളൻ സ്വർഗ്ഗീയ വസതിയിലേക്ക് ആനയിച്ചു.

---

## അനുസ്മരണദിനങ്ങൾ
### സെപ്തംബർ 2020

| | | | |
|---|---|---|---|
| 01 | ചൊവ്വ | : | **എട്ടുനോമ്പാരംഭം** |
| 05 | ശനി | : | **കൊൽക്കത്തയിലെ വി. തെരേസ** |
| 06 | ഞായർ | : | ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ |
| 08 | ചൊവ്വ | : | **പരി. കന്യാമറിയത്തിന്റെ പിറവി തിരുനാൾ** |
| 10 | വ്യാഴം | : | **രൂപതാദിനം** |
| 12 | ശനി | : | വി. ജോൺ ക്രിസോസ്തോം |
| 14 | തിങ്കൾ | : | വി. മത്തായി ശ്ലീഹ |
| 27 | ഞായർ | : | വി. വിൻസെന്റ് ഡി പോൾ |
| 29 | ചൊവ്വ | : | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| 30 | ബുധൻ | : | വി. ജെറോം |

## ബ്ലസ്സ് എ ഹോം

**1.** ഇരിങ്ങാലക്കുട രൂപത ബ്ലസ്സ് എ ഹോം പദ്ധതിയിൽ നിന്ന് **1558** കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേയ്ക്ക് ഇപ്പോൾ **എട്ട് കോടി ഏഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നാനൂറ്റി എൺപത്തിയൊമ്പത് (80769489)** രൂപ നല്കി.

**2. ബ്ലസ്സ് എ ഹോമിലേയ്ക്ക് സംഭാവന നല്കിയവർ**

| | |
|---|---|
| 1. ജോബി വർഗ്ഗീസ് പായമേൽ, കല്ലേറ്റുംകര | 7,000 |
| 2. റവ. ഫാ. ജോയ് പേരേപ്പാടൻ, ആളൂർ | 8,000 |
| 3. ജോൺ ഫ്രാൻസീസ് കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 10,000 |
| 4. സി.എസ്.സി. പ്രൊവിൻഷ്യൽ ഹൗസ്, പോട്ട | 10,000 |
| 5. സെന്റ്ജോൺ ബാപ്റ്റിസ്റ്റ് കോൺവെന്റ്, കോട്ടാറ്റ് | 5,000 |
| 6. സേക്രട്ട് ഹാർട്ട് കോൺവെന്റ്, കുഴിക്കാട്ടുശ്ശേരി | 5,000 |
| 7. വൈസ് പോസ്റ്റുലേറ്റർ എം.പി., ജെ.വി. പ്രയർ ഹൗസ്, കുഴിക്കാട്ടുശ്ശേരി | 10,000 |
| 8. റവ. ഫാ. വികാർ & പാരീഷ്നേഴ്സ്, വെസ്റ്റ് ചാലക്കുടി | 50,000 |
| 9. സൈജൻ കുയിലാടൻ, കനകമല | 50,000 |
| **ആകെ** | **155,000** |

**ഫാ. സീജോ ഇരിമ്പൻ**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

**1. 2020 ആഗസ്റ്റ് മാസത്തെ പരിപാടികൾ**

01 ആഗസ്റ്റ് മാസത്തിലെ മാസധ്യാനത്തിന് റവ. ഫാ. ബിവിൻ കളമ്പാടൻ നേതൃത്വം നൽകി.

04 വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു.

15 പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യ ദിനവും ആഘോഷിച്ചു.

16 വിയാനി ക്വിസ് മത്സരത്തിന് റവ. ഫാ. ജോബി മേനോത്ത് നേതൃത്വം നൽകി.

**2. സാമ്പത്തിക സഹായം നൽകിയവർ**

| | |
|---|---|
| 1. നെൽസൺ സെബാസ്റ്റ്യൻ അമ്പൂക്കൻ, പുത്തൻചിറ | 15,000 |
| 2. ജോസ് ആന്റണി ചെറുവത്തൂർ, വള്ളിവട്ടം | 25,000 |
| 3. അൽവേർണിയ എഫ്.സി. കോൺവെന്റ്, ഇരിങ്ങാലക്കുട | 15,000 |

**ഫാ. വിൻസെന്റ് പാറയിൽ**
റെക്ടർ




## 2020 September

| Birth Days | |
|---|---|
| **04** Rev. Fr. Kottackal Bineesh | **18** Rev. Fr. Pereppadan Wilson |
| **05** Rev. Fr. Attokkaran Nevin | Rev. Fr. Thekkineth Antony |
| **06** Rev. Fr. Kallaparambil Sibu | **19** Rev. Fr. Vazhappilly John |
| **10** Rev. Msgr. Maliekal Jose | **20** Rev. Fr. Thekkekara Binoj |
| **11** Rev. Fr. Kallingal Davis | **22** Rev. Fr. Koottala Davis |
| Rev. Fr. Kizhakumthala Joseph | **23** Rev. Fr. Nadavaramban Sebastian |
| Rev. Fr. Kodiyan Stern | **24** Rev. Fr. Thekkekara Shaji |
| **13** Rev. Fr. Ambooken Davis | **27** Rev. Fr. Parekatt Jaison |
| Rev. Fr. Kattuparambil Dophin | **29** Rev. Fr. Chungath Aji |
| **16** Rev. Fr. Karimalikkal Benny | Rev. Fr. Kattookaran Jeeson |
| Rev. Fr. Parekadan Anto | **30** Rev. Fr. Chirammel George |
| **17** Rev. Fr. Cheruvathur Joseph | Rev. Fr. Pattathil Anoop |
| Rev. Fr. Menachery Tino | Rev. Fr. Thattilkuruvila Milton |

| Feast Days | |
|---|---|
| **21** Rev. Fr. Karippai Jaison | Rev. Fr. Pereppadan Wilson |
| Rev. Fr. Kunnel Gigi | **29** Rev. Fr. Ambadan Raphael |
| Rev. Fr. Palamattath Joji | Rev. Fr. Chitattukarakkaran Charles |
| **27** Rev. Fr. Alappat Vincent | Rev. Fr. Moolan Raphael |
| Rev. Fr. Chalissery Vincent | Rev. Fr. Nellissery Shibu |
| Rev. Fr. Chembakassery Vincent | Rev. Fr. Panikulangara Roy |
| Rev. Fr. Eluvathingal Koonan Wilson | Rev. Fr. Panjikaran Raphael |
| Rev. Fr. Parayil Vincent | Rev. Fr. Puthenveettil Raphael |

### ബഹു. വൈദികരുടെ വാർഷികധ്യാനം

ബഹുമാനപ്പെട്ട വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനം, കോവിഡ്19ന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി 2020 നവംബർ മാസത്തിൽ നടത്തുന്നതാണ്. നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് വിവിധ ആഴ്ചകളിലായി നടത്താനുദ്ദേശിക്കുന്ന ധ്യാനത്തിന്റെ സമയക്രമീകരണങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.



**കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് രക്തദാന ക്യാമ്പ്**

ഇരിങ്ങാലക്കുട രൂപത കെ.സി.വൈ.എം. 'ഡ്രോപ്സ് ഫോർ ലൈഫ്'ന്റെ ആഭിമുഖ്യത്തിൽ കനകമല പൗരാവലിയുടെ ആതിഥേയ ത്വത്തിലും ഐ.എം.എ. ആലുവയുടെ സഹകരണത്തോടെയും രക്ത ദാനക്യാമ്പ് കനകമലയിൽ സംഘടിപ്പിച്ചു. ആരോഗ്യപ്രവർത്തകരു ടെയും പോലീസിന്റെയും കർശന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ക്യാമ്പ് നടത്തപ്പെട്ടത്. അമ്പതിലധികം ആളുകൾ രക്തം ദാനം ചെയ്ത് സമൂഹത്തിന് മാതൃകയായി. രൂപത കെ.സി.വൈ.എം. ഡ്രോപ്സ് ഫോർ ലൈഫ് കോഡിനേറ്റർ ഷിബു കെ.ജോസഫ് അദ്ധ്യക്ഷത വഹിച്ചു. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാനും കൊടകര ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് മെമ്പറും ആയ ശ്രീ. ജോയ് നെല്ലിശ്ശേരി രക്തം ദാനം ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു. ഡയറക്ടർ റവ. ഫാ. മെഫിൻ തെക്കേ ക്കര, സംസ്ഥാന ഉപാദ്ധ്യക്ഷൻ ശ്രീ. ജെയ്സൻ ചക്കേടത്ത്, രൂപത ജനറൽ സെക്രട്ടറി ശ്രീ. എമിൽ ഡേവിസ് തുടങ്ങിയവർ രക്തദാന ക്യാമ്പിന് നേതൃത്വം നൽകി.

**ഫാ. മെഫിൻ തെക്കേക്കര**
ഡയറക്ടർ

---

## സ്മരണാഞ്ജലി




മോൺ. ജോസഫ് കടമ്പാട്ട് : 29.09.1996
മോൺ. ജോൺ മാളിയേക്കൽ : 05.09.1999
റവ. ഫാ. തോമസ് പാറേക്കാടൻ : 15.09.2007
റവ. ഫാ. ജോൺ മാളിയേക്കൽ : 29.09.2008
റവ. ഫാ. ആന്റണി ഇരിമ്പൻ : 14.09.2013
റവ. ഫാ. പോൾ മംഗലൻ : 14.09.2018

## അവാർഡ്

**ഹരിത ഗ്രാമം-സുഭിക്ഷ ഗ്രാമം**

ചാലക്കുടി അവാർഡ്ഭവൻ, കാക്കനാട് കേന്ദ്രമായി പ്രവർത്തിക്കുന്ന CNEWA-India പ്രൊജക്ടുമായി സഹകരിച്ചുകൊണ്ട് അവാർഡിന്റെ പ്രവർത്തന മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർ, സ്വയംസഹായസംഘത്തിലെ അംഗങ്ങൾ, ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘങ്ങൾ എന്നിവയ്ക്ക് ഹരിത ഗ്രാമ പദ്ധതിപ്രകാരമുള്ള പച്ചക്കറി കൃഷി കിറ്റ് വിതരണം ചെയ്തു. ചാലക്കുടി, കൊടകര, മാള ബ്ലോക്ക് പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 7 വില്ലേജുകളിലും, കോടശ്ശേരി പഞ്ചായത്തിലെ രണ്ടുകൈ മലയൻകോളനിയിലുമാണ് കിറ്റ് വിതരണം ചെയ്തത്. വിവിധയിനം പച്ചക്കറി വിത്തുകൾ, മാങ്കോസ്റ്റിൻ, ലൂബി, തുടങ്ങിയ വൃക്ഷതൈക്കളും, ഗ്രോബാഗുകളും, ഓണകിറ്റുമാണ് വിതരണം ചെയ്തത്. 1000/- രൂപ വിലവരുന്ന 1000 കിറ്റുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഏകദേശം 10 ലക്ഷം രൂപ ഈ പദ്ധതിയിലൂടെ വിതരണം ചെയ്തു. ഇതിന്റെ അത്യന്തികമായ ലക്ഷ്യം കേരളത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ ഗ്രാമതലത്തിൽ വേണ്ടതായ പ്രോത്സാഹനം നൽകുക എന്നതാണ്. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മനോജ് കരിപ്പായി, സെക്രട്ടറി കം ട്രഷറർ റവ. ഫാ. ജോസഫ് കിഴക്കുംതല, CBO കോ-ഓർഡിനേറ്റർ റവ. സി. ലിന്റ, സൊസൈറ്റി പ്രസിഡണ്ടുമാർ എന്നിവർ നേതൃത്വം നൽകുന്നു.

**ഫാ. മനോജ് കരിപ്പായി**
എക്സിക്യൂട്ടീവ് ഡയറക്ടർ

## ബൈബിൾ അപ്പസ്തോലേറ്റ്

**ലോഗോസ് പരീക്ഷ 2020 - ഡിസംബർ 27 ഞായർ**

സെപ്തംബർ 27ന് നടത്താനിരുന്ന ലോഗോസ് പരീക്ഷ ഡിസംബർ 27ലേക്ക് മാറ്റിയിരിക്കുന്നു. എഴുത്തുപരീക്ഷതന്നെയായിരിക്കും നടത്തപ്പെടുക. ഓൺലൈൻ രജിസ്ട്രേഷൻ **ഒക്ടോബർ 15** വരെ നീട്ടിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസും, ലിസ്റ്റും **ഒക്ടോബർ 15** നുശേഷം രൂപത ഓഫീസിൽ ഏൽപ്പിച്ചാൽ മതിയാകും. അനുബന്ധകാര്യങ്ങൾക്കായി വിളിക്കുക. ഫോൺ : 9400544137, 9539091393

**ഫാ. ജോജു കോക്കാട്ട്**
ഡയറക്ടർ

1. ക്രിസ്തുവിന്റെ സൗഖ്യദായകമായ സ്നേഹം, ജാതിയുടെയും മതത്തിന്റെയും അതിരുകളില്ലാതെ വേദനിക്കുന്ന എല്ലാവരിലേക്കും എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ഇരിങ്ങാലക്കുട രൂപത 2016 സെപ്തംബർ 10ന് ആരംഭിച്ച 'ഹൃദയ പാലിയേറ്റീവ് കെയർ' നാലുവർഷങ്ങൾ പിന്നിട്ട് അഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ഇതുവരെ 2600 കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണത്തിനായി ചെലവഴിച്ചത് 2.92 കോടി രൂപയാണ്. രൂപതയിലെ നാലുമേഖലകളെ ഏകോപിപ്പിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

സേവനങ്ങൾക്കായി വിളിക്കാം

| | | |
|---|---|---|
| ഇരിങ്ങാലക്കുട മേഖല | : | 9495970555, 9495371005 |
| ചാലക്കുടി മേഖല | : | 9495970666, 9495385006 |
| മാള മേഖല | : | 9495870555, 9495382001 |
| കൊടകര മേഖല | : | 9496970555, 9495378009 |

**2. പലവ്യഞ്ജനകിറ്റ് വിതരണം**

ഹൃദയ പാലിയേറ്റീവ് കെയർ ഇപ്പോൾ സാന്ത്വനപരിചരണം നൽകികൊണ്ടിരിക്കുന്ന 1333 രോഗികളിൽ 532 രോഗികൾക്ക് പലവ്യഞ്ജന കിറ്റ് വിതരണം ചെയ്തു.

**3. ഹൃദയ ക്രൈസിസ് മാനേജ്മെന്റ് ടീമിന് പരിശീലനം**

കാട്ടൂർ, വാടച്ചിറ ഇടവകകളിലെ യുവജനങ്ങൾക്ക് കാട്ടൂർ ജൂബിലി ഹാളിൽവച്ചും, പറപ്പൂക്കര ഫൊറോന, തൊട്ടിപ്പാൾ എന്നീ ഇടവകകളിലെ യുവജനങ്ങൾക്ക് പറപ്പൂക്കര പാരിഷ് ഹാളിൽവച്ചും, ഇരിങ്ങാലക്കുട ഫൊറോനയിലെ ഇടവകകളിൽനിന്നുള്ള യുവജനങ്ങൾക്ക് കത്തീഡ്രൽ സിയോൺ ഹാളിൽവച്ചും, ചാലക്കുടി ഫൊറോന ഇടവകയിലെ യുവജനങ്ങൾക്ക് ചാലക്കുടി പാരിഷ് ഹാളിൽവച്ചും ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ കോവിഡ്കാല മുൻകരുതലിനെകുറിച്ചും കോവിഡ് ബാധിച്ച് മരിച്ചവരുടെ മൃതസംസ്കാരത്തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും പരിശീലനം നൽകി.

**4. Donation for Hrudaya Palliative Care on the Months of June, July and August 2020.**

| | | |
|---|---|---|
| 1. | Johny Vithayathil, Meladoor | 1,000.00 |
| 2. | Biju Antony Chethalan, Perambra | 10,000.00 |
| 3. | Well wisher | 1,000.00 |
| 4. | Mary T.J., Kaipamangalam | 500.00 |
| 5. | Chazhoor Jyothi Jewellery, Vellangallur | 1,830.00 |

| | | |
|---|---|---|
| 6. | Thomas M.P., Vellangallur | 1,000.00 |
| 7. | Terry Issac Kanichai | 1,000.00 |
| 8. | John Francis Kandamkulathy | 5,000.00 |
| 9. | Jose Chiriyankandath | 500.00 |
| 10. | Roy A.L., Aloor | 200.00 |
| 11. | Biju Jose, North Chalakudy | 2,000.00 |
| 12. | Thressia Varghese,Vallakunnu (T.V. Joshy) | 750.00 |
| 13. | Jacob Chakkery, Moorkanad | 1,000.00 |
| 14. | Joy K.C., Vallakunnu | 500.00 |
| 15. | T.I. Joseph, Thandiakkal, Vallakunnu | 1,000.00 |
| 16. | Varghese C.R., Monnumury | 1,000.00 |
| 17. | John & Luxy K. A., Aloor | 1,000.00 |
| 18. | Wilson K.O.,Vallakunnu | 500.00 |
| 19. | Jose. K.K., Urakam | 1,000.00 |
| 20. | P.C. Thomas | 1,000.00 |
| 21. | Arun Raphel, Vallkunnu | 500.00 |
| 22. | Mini K.A., Vallakunnu | 250.00 |
| 23. | Regi A.M, Vallakunnu | 250.00 |
| 23. | Jose U.D., Edakulam | 500.00 |
| 24. | Well wisher | 500.00 |
| 25. | Denson M.K., Anathadam | 1,000.00 |
| 26. | George K.Thomas, Vallakunnu | 500.00 |
| 27. | Well wisher | 1,000.00 |
| 28. | Well wisher | 500.00 |
| 29. | Jose M.A., Mechery, Chemmanda | 1,000.00 |
| 30. | Annie Francis, Irinjalakuda | 10,000.00 |
| 31. | Mathew C.D., Mathilakam | 1,000.00 |
| 32. | Stella Jimmy, Mathilakam | 1,000.00 |
| 33. | Ajish, Kuthirathadam | 3,000.00 |
| 34. | Ruby Paul | 500.00 |
| 35. | Mary Kochappu, Vallakunnu | 1,000.00 |
| 36. | Treesa Varghese, Avittathur | 1,000.00 |
| 37. | Ukkens Copracenter And Oil Mill | 1,000.00 |
| 38. | Jose Chiriyankandath | 500 |
| 39. | Roy A.L. | 200 |
| 40. | John & Lexi | 1,000 |
| 41. | Wilson K.O. | 500 |
| 42. | Joy K.C. | 500 |
| 43. | Wilson | 500 |

| | | |
|---|---|---|
| 44. | Joseph Thandiakkal | 1,000 |
| 45. | M.V. Jose | 2,000 |
| 46. | Mini K.A. | 250 |
| 47. | Well wisher | 1,000 |
| 48. | Jose U.D. | 500 |
| 49. | Well wisher | 250 |
| 50. | Well wisher | 500 |
| 51. | George K. Thomas | 500 |
| 52. | Well wisher | 1,000 |
| 53. | Well wisher | 500 |
| 54. | Ajish | 3,000 |
| 55. | Annama Kalaparambil, Alathoor | 500 |
| 56. | Mathew C.D. | 1,000 |
| 57. | Stella | 1,000 |
| 58. | Mary Antony, Vellani | 5,000 |
| 59. | Jose M. A. | 1,000 |
| 60. | Ponminisssery Anthony Rosa | 5,000 |
| 61. | Jiby Syju, Aloor | 200 |
| 62. | Vallakunnu Church Faithfull | 4,850 |
| 63. | Ouseph Alappatt Puliyani | 500 |
| 64. | Mary Kochappu | 1000 |
| 65. | Joy Jose (Treesa Varghese) | 1,000 |
| 66. | Saji Babu | 500 |
| 67. | Donation for ambulance | 11,050 |
| 68. | Biju Antony Chethalan | 10,000 |
| 69. | Johny Vithayathil, Meladoor | 1,000 |
| 70. | Terry Isaac | 167 |
| 71. | Well wisher | 1,000 |
| 72. | Jose Chiriyankandath | 1,000 |
| 73. | Davis K.Y. Kannampilly | 10,000 |
| 74. | Assissi Charitable Trust (F.C.C. Provincial House) | 50,000 |
| 75. | Biju Jose | 2,000 |
| 76. | Joy K.C. | 500 |
| 77. | Joseph Thandiakkal | 1,000 |
| 78. | Jerin Jojo | 5,000 |
| 79. | Wilson K.O. | 500 |
| | **Total** | **1,84,747** |

**ഫാ. തോമസ് കണ്ണമ്പിള്ളി**

ഡയറക്ടർ

# സിൽച്ചാർ മിഷൻ

**1. വി. ജോൺ മരിയ വിയാനിയുടെ തിരുന്നാൾ:** വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളാഘോഷത്തോനുബന്ധിച്ച് മരിയൻ നഗർ ഇടവ വികാരി റവ. ഫാ. എബ്രഹാം മാസധ്യാന ചിന്തകൾ പങ്കുവച്ചു. റവ. ഫാ. ഫിലിപ്പ് വി. കുർബ്ബാനക്ക് മുഖ്യകാർമ്മികനായിരുന്നു. കർമ്മലീത്ത, ചാരിറ്റി സന്യാസിനികൾ സന്നിഹിതരായിരുന്നു.

**2. സിൽച്ചാർ മിഷൻ വാർഷികം:** ആഗസ്റ്റ് 15-ാം തിയ്യതി സ്വർഗ്ഗാരോപിത മാതാവിന്റെ തിരുന്നാൾ ദിനത്തിൽ മിഷന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. കൃതജ്ഞതാബലിക്ക് റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ കാർമ്മികത്വം വഹിച്ചു. വി.കുർബ്ബാനക്കുശേഷം ഭാരതത്തിന്റെ 74-ാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ റവ. ഫാ. ഡോ. ബെഞ്ചമിൻ ചിറയത്ത് ദേശീയ പതാക ഉയർത്തി, സന്ദേശം നൽകി.

**3. മൊബൈൽ പാലിയേറ്റീവ് കെയർ:** റവ. ഫാ ജോഫിൻ കാപ്പിൽ, റവ. ഫാ. ഫ്രാൻസൻ തന്നാടൻ എന്നിവരുടെ നേതൃത്വത്തിൽ റവ. സി. വിൻസെൻസ എസ്.സി.വി., റവ. സി. എൽസീന എസ്.സി.വി., കാറ്റകിസ്റ്റ് ജോൺ ബി. രൂപിണി എന്നിവരുടെ സഹായത്തോടെ രാധാ ദാസ് ഗ്രാമത്തിലെ കുടുംബങ്ങൾ സന്ദർശിച്ചു.

**4. വെബ്സൈറ്റ് ഉദ്ഘാടനം:** മിഷൻ വാർഷികത്തോടനുബന്ധിച്ച് മിഷന്റെ ഔദ്യോഗിക വെബ്സൈറ്റ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. മീറ്റിങ്ങിൽ റവ. സി. മരിയ എഫ്.സി.സി. പ്രാർത്ഥനക്ക് നേതൃത്വം നൽകി. മോൺ. ജോയ് പാലിയേക്കര സ്വാഗതവും റവ. സി മേരിയാൻ സി.എം.സി. നന്ദിയും പറഞ്ഞു. ഇരിങ്ങാലക്കുട രൂപത കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ മോൺ. ലാസർ കുറ്റിക്കാടൻ, മോൺ ജോസ് മഞ്ഞളി, വെരി. റവ. ഫാ. നെവിൻ ആട്ടോക്കാരൻ, സെക്രട്ടറി റവ. ഫാ. ചാക്കോ കാട്ടുപറമ്പിൽ എന്നിവരും സിൽച്ചാർ മിഷനിലേക്ക് അയക്കപ്പെടുന്ന ബഹു. സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു.

**5. സി.എം.സി., എഫ്.സി.സി. സിസ്റ്റേഴ്സിന് സ്വാഗതം:** സിൽച്ചാർ മിഷന്റെ പുതിയ പ്രേഷിത മേഖലകളിലേക്ക് കടന്നുവന്നിരിക്കുന്ന കർമ്മലീത്ത ഉദയ പ്രോവിൻസിലെയും, ഫ്രാൻസിസ്ക്കൻ അൽ വേർണിയ പ്രോവിൻസിലെയും ബഹു. സിസ്റ്റേഴ്സിനെ മിഷനിലേക്ക് സ്വാഗതം ചെയ്തു. സി. മേരിയാൻ സി.എം.സി., സി. പ്രസന്ന സി.എം.സി., സി. ലിറ്റി സി.എം.സി., സി. സിയോൻ റോസ് സി.എം.സി., സി. മരിയ എഫ്.സി.സി., സി. ജെയ്സ് മരിയ എഫ്.സി.സി., സി. ദീപ തെരേസ് എഫ്.സി.സി., സി. ലിയ തെരേസ് എഫ്.സി.സി. എന്നിവർക്ക് സിൽച്ചർ മിഷനിലേക്ക് സ്വാഗതം

**6. സാമ്പത്തികസഹായം**

| | |
|---|---|
| 1. ചിറപ്പണത്ത് പോൾ & ഷേർളി ഫാമിലി | 30,000 |
| 2. റവ. ഫാ. ജെയ്സൻ വടക്കുംഞ്ചേരി | 5,000 |
| 3. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൊടുങ്ങ | 5,000 |

**ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ**
കോ-ഓഡിനേറ്റർ




**2020 ജൂലൈ**

| | | | |
|---|---|---|---|
| 22 | 09.30 | am | സഹൃദയ കോളേജിന്റെ നേതൃത്വത്തിൽ പണിതീർത്ത് കൊടുത്ത കാരുണ്യഭവനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| 23 | 07.30 | am | കുറ്റിക്കാട് ജീവധാരയിൽ വി. ബലിയർപ്പിച്ചു. |
| | 09.30 | am | കുഴിക്കാട്ടുശ്ശേരിയിൽ ധന്യൻ ജോസഫ് വിതയത്തിൽ അച്ചന്റെ തിരുനാൾ കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.30 | am | കോട്ടാറ്റ് ശവസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| 24 | 10.30 | am | സീറോ മലബാർ ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 05.30 | pm | കറുകുറ്റി, സെഹിയോൻപുരം ചാരിറ്റി കോൺവെന്റിൽ റവ. സി. ഹയാസിന്ത് സി.എസ്.സി. യുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. |
| 25 | 05.00 | am | ചാലക്കുടി സെന്റ് ജോസഫ് വൈദിക ഭവനിൽവച്ച് മരണമടഞ്ഞ ബഹു. ജോർജ്ജ് മാളിയേക്കലച്ചന്റെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.00 | am | സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ വി.ബലിയർപ്പിച്ചു. |
| | 10.30 | am | കൊടകരയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 12.00 | pm | ബഹു. ജോർജ്ജ് മാളിയേക്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയോടനുബന്ധിച്ച് പുത്തൻവേലിക്കരയിലുള്ള അച്ചന്റെ സഹോദരന്റെ ഭവനത്തിൽവച്ച് നടന്ന ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 03.00 | pm | ബഹു. ജോർജ്ജ് മാളിയേക്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭാഗമായ അനുസ്മരണബലിക്കും മറ്റു പ്രാർത്ഥനകൾക്കും മുഖ്യകാർമ്മികത്വം വഹിച്ചു. |
| 26 | – | | ഇരിങ്ങാലക്കുടയിൽ ട്രിപ്പിൾ ലോക്ഡൗൺ ആയതിനാൽ എല്ലാ പരിപാടികളും റദ്ദാക്കി. |

## 2020 ആഗസ്റ്റ്

| | | | |
|---|---|---|---|
| 10 | 10.30 | am | പോട്ട സി.എസ്.സി. ഡി പോൾ പ്രൊവിഷ്യൽ ഹൗസിൽ വച്ച് നടന്ന സഭാവസ്ത്രസ്വീകരണ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 04.00 | pm | കേരളസഭ പത്രം എഡിറ്റോറിയൽ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 14 | 03.00 | pm | സീറോ മലബാർ മാധ്യമ കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 15 | 09.00 | am | പടിഞ്ഞാറെ ചാലക്കുടി ഇടവക ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. |
| 16 | 12.05 | pm | ബഹു. അനൂപ് കോലങ്കണ്ണിയച്ചന്റെ സഹോദരന്റെ വിവാഹം മുനിപ്പാറ പള്ളിയിൽവച്ച് ആശീർവ്വദിച്ചു. |
| | 03.00 | pm | ആനന്ദപുരം ആശാഭവനിലെ അൾത്താര പുനഃപ്രതിഷ്ഠ നടത്തി. |
| | 06.00 | pm | രൂപത കെ.സി.വൈ.എം.ന്റെ ഉപവാസ ധർണ്ണയിൽ പങ്കെടുത്തു സംസാരിച്ചു. |
| 17 | 11.30 | am | കനകമലയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 04.00 | pm | സെന്റ് ജെയിംസ് ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| 18 | 08.00 | am | ചാലക്കുടി ഫൊറോന പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 05.00 | pm | ഓൺലൈൻ വഴി ക്രമീകരിച്ച സീറോ മലബാർസഭയുടെ സിനഡിൽ പങ്കെടുത്തു. |
| 19 | 08.30 | am | സെന്റ് ജെയിംസ് ആശുപത്രിയിൽ ഡോക്ടേഴ്സിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 03.00 | pm | ബഹു. ജോയൽ ചെറുവത്തൂരച്ചന്റെ സഹോദരന്റെ വിവാഹം വല്ലക്കുന്ന് ദേവാലയത്തിൽ വച്ച് ആശീർവ്വദിച്ചു. |
| | 05.00 | pm | സീറോമലബാർ സഭയുടെ ഓൺലൈൻ സിനഡിൽ സംബന്ധിച്ചു. |
| 20 | 10.30 | am | ഹൃദയ പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ ചെയ്യുന്ന കിറ്റ് വിതരണം ആളൂർ ബി.എൽ.എം.ൽ വച്ച് ഉദ്ഘാടനം ചെയ്തു. |
| | 03.30 | pm | മേലഡൂരിൽ ബഹു. ബിനോജ് തെക്കേക്കരയച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 05.00 | pm | സീറോമാലബാർ സഭയുടെ ഓൺലൈൻ സിനഡിൽ സംബന്ധിച്ചു. |



WE FOSTER HEALTH

## FIRST TIME IN KERALA

# CEREBRAL PALSY CLINIC

Clinic working Hours

**Every 2nd & 4th Saturday**

**09am to 11am**

Now Available Here..!!!

## Our Team

**Dr.Binoy PS**
(Hand & Micro Surgeon)

**Dr.Sreejith P Krishnan**
(Paediatric Orthopaedic Surgeon)

**Dr.Vimal Vincent**
(Paediatrician & Neonatologist

**Dr.Varghese Antony Pallan**
(Neurologist)

**Ms Nimmy Francis**
(Physiotherapist)

# St. James' Hospital, Chalakudy

Ph : +91 480 2710271,571


Donate **One Rupee** Everyday
Save Life of Kidney Patients through
**Free Dialysis**

ONE RUPEE ONE Life
A ST. JAMES' HOSPITAL RENAL CARE MISSION INITIATIVE

Our Bank Details :
A/c Name : St.James Renal Care Mission
The South Indian Bank Ltd, Chalakudy North Branch
S.B.A/c No.0552053000006498, IFSC : SIBL0000552

Annual Sub. 200/.

# BULLETIN IRINJALAKUDA DIOCESE

Date of Publication : 24.08.2020
RNI Registeration No. KERMAL/2014/60912
Registered Postal Registeration No. KL/IJK/34/2018-2020
Posted at R.M.S. Irinjalakuda

IRINJALAKUDA



KODAKARA



KALPARMBU



KUTTIKAD





EDATHIRUTHY




MALA





CHALAKUDY



PARAPPUKARA



AMBAZHAKAD



PUTHENCHIRA



SILCHAR MISSION

Bishop's House, P.B. No.59, Irinjalakuda-680 121
Phone : 0480-2826830, 2826820, 2833560,2833561
2821582(Bp.P) Fax : 0480-2825050
Website : www.irinjalakudadiocese.com
E-mail-ijkbph@gmail.com



KODUNGALLUR CHURCH

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA THRISSUR Dist., KERALA, 680 121, and edited by FR. NEVIN ATTOKARAN.

